**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3563** **12-03-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻകരയിലെ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ മണ്ഡലമായ വൈപ്പിൻകരയിലെ ഏക സർക്കാർ കോളേജായ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | **വൈപ്പിൻ സർക്കാർ ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് എളംകുന്നപ്പുഴ എൽ.പി സ്കൂളിൽ നിന്ന് കോളേജിന് ലഭിച്ച 52 സെന്റ് ഭൂമിയിലാണ്. യു.ജി.സി നിബന്ധന പ്രകാരം ഒരു കോളേജ് പ്രവർത്തിക്കുന്നതിന് 5 ഏക്കർ ഭൂമി സ്വന്തമായി ആവശ്യമായതിനാലും, വൈപ്പിൻ ജനസാന്ദ്രത കൂടിയ ദ്വീപ് പ്രദേശമായതിനാലും കെട്ടിട നിർമ്മാണത്തിന് പ്രായോഗികമായ ഭൂമി കണ്ടെത്തുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. നിലവിൽ വൈപ്പിൻ സർക്കാർ ആർട്സ് & സയൻസ് കോളേജ് സ്ഥിതി ചെയ്യുന്നതിന് സമീപമുള്ള 2.36 ഏക്കർ ഭൂമി വിട്ടു നൽകുന്നതിനായി ഭൂവുടമകൾ സമ്മതം നൽകിയത് പ്രകാരം ഭൂമിയെറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതിനുള്ള തുടർ നടപടിക്രമങ്ങൾ നടന്നുവരികയാണ്. ഭൂമിയേറ്റെടുത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.** |
| (ബി) | പുതിയ കെട്ടിട നിർമ്മാണത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ 6 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിൽ നിന്നും 10 കോടിയും സ്ഥലമെടുപ്പിനായി 9.31 കോടി രൂപയും വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | **വൈപ്പിൻ സർക്കാർ ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് എളംകുന്നപ്പുഴ എൽ.പി സ്കൂളിൽ നിന്ന് കോളേജിന് ലഭിച്ച 52 സെന്റ് ഭൂമിയിലാണ്. യു.ജി.സി നിബന്ധന പ്രകാരം ഒരു കോളേജ് പ്രവർത്തിക്കുന്നതിന് 5 ഏക്കർ ഭൂമി സ്വന്തമായി ആവശ്യമായതിനാലും, വൈപ്പിൻ ജനസാന്ദ്രത കൂടിയ ദ്വീപ് പ്രദേശമായതിനാലും കെട്ടിട നിർമ്മാണത്തിന് പ്രായോഗികമായ ഭൂമി കണ്ടെത്തുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. നിലവിൽ വൈപ്പിൻ സർക്കാർ ആർട്സ് & സയൻസ് കോളേജ് സ്ഥിതി ചെയ്യുന്നതിന് സമീപമുള്ള 2.36 ഏക്കർ ഭൂമി വിട്ടു നൽകുന്നതിനായി ഭൂവുടമകൾ സമ്മതം നൽകിയത് പ്രകാരം ഭൂമിയെറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതിനുള്ള തുടർ നടപടിക്രമങ്ങൾ** |

| | | | |
|---|---|---|---|
| | | | **നടന്നുവരികയാണ്. ഭൂമിയേറ്റെടുത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വരുന്നു.** |

സെക്ഷൻ ഓഫീസർ